2015-16-ൽ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുക

45 (3247) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16-ൽ വിവിധ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിക്കാനുള്ള തുക എത്രയാണ്; എത്ര ശതമാനം; ബാക്കി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ 20,000 കോടി രൂപ അനുവദിച്ചിട്ടുള്ളതിൽ 31-10-2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 31% ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തോടെ ബാക്കി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

വിഷൻ 2020 പദ്ധതി

46 (3248) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷൻ 2020 എന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ; ഇതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) വിഷൻ 2020-ൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നതെന്ന് അറിയിക്കുമോ;

(സി) ഇവയിൽ ഏതെല്ലാം നടപ്പിലാക്കിയെന്നും എത്ര തുക ചെലവാക്കിയെന്നും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിനുകീഴിൽ ഇപ്രകാരം ഒരു പദ്ധതി നടപ്പിലാക്കിവരുന്നില്ല.

(ബി&സി) ബാധകമല്ല.

GPM. 2/244/2020-15

LIBRARY ARCHIVES Kerala Legislative Assembly